21 (*441) **അനധികൃത കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യാൻ നടപടി**

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ നിയമത്തിന് വിരുദ്ധമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കേരളാ പഞ്ചായത്തീ രാജ് ആക്ട് സെക്ഷൻ 235 എ, ബി എന്നു മുതലാണ് നടപ്പിൽവരുന്നത് എന്നറിയിക്കുമോ;

(സി) സെക്ഷൻ 235 എ, ബി-യ്ക്ക് വിരുദ്ധമായ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുവാൻ ഉത്തരവിൽ വ്യവസ്ഥയുണ്ടോ;

(ഡി) 220 ബി. ക്ക് വിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുവാൻ ഉത്തരവിൽ വ്യവസ്ഥയുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണ് എന്നറിയിക്കുമോ;

(എഫ്) ഇവ റഗുലറൈസ് ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) 1999 ഒക്ടോബർ ഒന്നാം തീയതി പ്രാബല്യത്തിൽവന്നു.

(സി) 235 എ,ബി. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ സർക്കാരിന് അധികാരം നൽകുന്ന വകുപ്പാണ്.

(ഡി) 235 എ.ബി. വകുപ്പിൽ വ്യവസ്ഥയുണ്ട്.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

22 (*442) **അഗതികളായ സ്ത്രീകളേയും അനാഥരായ കുട്ടികളേയും സംരക്ഷിക്കുവാനുള്ള പദ്ധതികൾ**

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അഗതികളായ സ്ത്രീകളെയും അനാഥരായ കുട്ടികളെയും സംരക്ഷിക്കുവാനുള്ള പദ്ധതികൾ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ എവിടെയെങ്കിലും നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം നടത്തുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly